DESPATCHED On 29/06/2020

11/05/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic@kerala.nic.in**

**ഹർജി നമ്പർ AP.No.96(4)/2019/SIC**

**തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.583/SIC-Gen 2/2019**

**സന്നിഹിതൻ**

**ശ്രീ.**കെ.വി. സുധാകരൻ, സംസ്ഥാന **വിവരാവകാശ കമ്മീഷണർ**

ശ്രീ. കെ. ഗോപാലകൃഷ്ണൻ നായർ,
വടക്കേവാര്യ വീട്,
തിരുവല്ലം പി.ഒ, തിരുവനന്തപുരം.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ടി.കെ.എം. കോളേജ് ഓഫ് എഞ്ചിനീയറിംഗ്,
   കൊല്ലം.
2. അപ്പീൽ അധികാരി &
   പ്രിൻസിപ്പൽ,
   ടി.കെ.എം. കോളേജ് ഓഫ് എഞ്ചിനീയറിംഗ്,
   കൊല്ലം.

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കൊല്ലം ടി.കെ.എം കോളേജിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക നടത്തിയ എഴുത്തു പരീക്ഷ, ഇന്റർവ്യൂ എന്നിവ സംബന്ധിച്ച് വിവരങ്ങൾ ആരാഞ്ഞ് 29.08.2018 ൽ നൽകിയ വിവരാവകാശ അപേക്ഷയ്ക്കും, 10.10.2018 ൽ നൽകിയ ഒന്നാം അപ്പീലിനും കൃത്യമായ മറുപടി ലഭിച്ചില്ല എന്നതാണ് പരാതി. ഇന്റർവ്യൂവിന് യോഗ്യത നേടിയ ഓരോരുത്തർക്കും, എഴുത്തു പരീക്ഷയിലും ഇന്റർവ്യൂവിലും എത്രമാർക്കാണ് ലഭിച്ചത് എന്ന ചോദ്യത്തിന് 'മൂന്നാംകക്ഷി വിവരം' എന്ന പറഞ്ഞ് മറുപടി നിഷേധിച്ചതാണ് പ്രധാന പ്രശ്നമായി അപ്പീൽ ഹർജിക്കാരൻ ഉന്നയിച്ചിട്ടുള്ളത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 26.07.2019 ൽ കൊല്ലം കളക്ടറേറ്റിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

3. എഴുത്തു പരീക്ഷയിലും ഇന്റർവ്യൂവിലും പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ മാർക്ക്, മൂന്നാം കക്ഷി വിവരമായതുകൊണ്ടാണ് നൽകാതിരുന്നതെന്ന് ഒന്നാം എതിർകക്ഷി ഹിയറിംഗിൽ മൊഴി നൽകി.

4. ഒന്നാം എതിർകക്ഷിയുടെ മൊഴിയും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു.

5. ഒന്നും രണ്ടും എതിർകക്ഷികൾ 'മൂന്നാം കക്ഷി വിവരം' എന്നു പറഞ്ഞ് ടി മാർക്ക് വിവരം നിഷേധിച്ചത് നിയമപരമല്ലെന്നും, തെറ്റായ നടപടിയാണെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു.

6. ഇതിൽ എതിർകക്ഷികൾ രണ്ടു തരത്തിൽ തെറ്റു കാണിച്ചിട്ടുണ്ട്.

1. മൂന്നാം കക്ഷി വിവരമാണെങ്കിൽ, ആയത് അപേക്ഷകന് നൽകുന്നതിൽ എതിർപ്പുണ്ടോയെന്ന കാര്യം എസ്.പി.ഐ.ഒ ടി മൂന്നാംകക്ഷിയോട് ചോദിക്കേണ്ടതും, ടിയാൻ രേഖാമൂലമോ, വാക്കാലോ ഇതു സംബന്ധിച്ച നിലപാട് വെളിപ്പെടുത്തേണ്ടതുമാണെന്ന് വിവരാവകാശ നിയമത്തിന്റെ 11(1) വകുപ്പു പറയുന്നുണ്ട്. 10 ദിവസത്തിനുള്ളിൽ മൂന്നാംകക്ഷി തന്റെ നിലപാട് അറിയിക്കേണ്ടതാണെന്നും, അതിനുശേഷം ഇതു സംബന്ധിച്ച് തീരുമാനമെടുക്കാമെന്നും ടി വകുപ്പ് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇവിടെ ഒന്നാം എതിർകക്ഷി അത് ചെയ്തതായി രേഖകളിൽ നിന്നു മനസിലാകുന്നില്ല.

RIGHT TO

7. ഒന്നാം എതിർകക്ഷിയുടെ ഭാഗത്തു നിന്നുള്ള ഈ വീഴ്ച ഒന്നാം അപ്പീലധികാരി മനസിലാക്കിയില്ല എന്നത് ടിയാന്റെ ഭാഗത്തും ഉണ്ടായിട്ടുള്ള വീഴ്ചയാണ്.

8. ഒരു വിജ്ഞാപനം നടത്തി, അതിന്റെ അടിസ്ഥാനത്തിൽ നടത്തിയ എഴുത്തു പരീക്ഷയുടേയും ഇന്റർവ്യൂവിന്റെയും മാർക്ക് ഒരു തരത്തിലും വെളിപ്പെടുത്താൻ കഴിയാത്ത മൂന്നാംകക്ഷി വിവരമാണെന്ന് കമ്മീഷൻ കരുതുന്നില്ല. എന്നു മാത്രമല്ല, ഇതിൽ വിശാലമായ ഒരു പൊതു താൽപ്പര്യവും അടങ്ങിയിട്ടുള്ളതായി കമ്മീഷൻ നിരീക്ഷിക്കുന്നു.

അതുകൊണ്ടു തന്നെ ഇത് നിയമപ്രകാരം നൽകേണ്ടതാണ്.

9. ഉദ്യോഗാർത്ഥികൾക്ക് എഴുത്തു പരീക്ഷയിലും, ഇന്റർവ്യൂവിലും ലഭിച്ചിരിക്കുന്ന, അഥവാ നൽകിയിരിക്കുന്ന മാർക്കുകൾ സുതാര്യമായിട്ടും കുറ്റമറ്റ നിലയിലും ആണെങ്കിൽ, അതിനെ മൂന്നാംകക്ഷി വിവരം എന്നു വ്യവഛേദിച്ച് 'കാർപ്പറ്റിനടിയിൽ ഒളിപ്പിക്കുന്നത്' (Sweep under the carpet) എന്തിനാണെന്ന് മനസിലാകുന്നില്ല. ഇത് ഒളിപ്പിച്ചു വയ്ക്കുക വഴി 'something is rotten in the State of Denmark' എന്ന ഷേക്സ്പീരിയൻ ശൈലിയെ ഓർമിപ്പിക്കുന്ന മട്ടിൽ ജനങ്ങൾക്ക് ആവശ്യമില്ലാത്ത സംശയങ്ങൾ ഉണ്ടാവുകയേ ചെയ്യൂ.

10. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ കമ്മീഷൻ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട എഴുത്തുപരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും മാർക്കുകൾ (എല്ലാ ഉദ്യോഗാർത്ഥികളുടെയും), രേഖകൾ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ അതും, ഈ ഉത്തരവ് ലഭിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ ഒന്നാം എതിർകക്ഷി ടിയാന് നൽകേണ്ടതും, ടി വിവരം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

2. നിയമപരമല്ലാത്ത രീതിയിൽ മറുപടി നൽകിയതിന് നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ, ഒന്നും രണ്ടും എതിർകക്ഷികൾ, ആയതും, മേൽപ്പറഞ്ഞ കാലയളവിനുള്ളിൽ കമ്മീഷനെ അറിയിക്കേണ്ടതാണ്.

11. മേൽപ്പറഞ്ഞ പ്രകാരം അപ്പീൽ ഹർജി ഇന്നേദിവസം 11.05.2020 ന് താൽക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

re

RIGHT TO